3. കള്ള് ചെത്ത് മേഖലയിൽ ഉള്ളവർക്ക് നീര ചെത്തുന്നതിന് മുൻഗണന നൽകി. ആവശ്യത്തിന് തൊഴിലാളികൾ ലഭ്യമല്ലെങ്കിൽ ടെയിനിംഗ് നൽകി നീര ടെക്നീഷ്യൻസിനെ നിയോഗിക്കും. ഇവരേയും കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുകയും ചെയ്തിട്ടുണ്ട്.

4. കള്ള് ഷാപ്പുകളിലേക്കായി നീര ചെത്തുവാൻ പാടില്ല.

5. റ്റോഡി നീര ബോർഡ് രൂപീകരിക്കുന്നതിന് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നികുതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

(സി) ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക് ലൈസൻസ് നൽകി സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സർക്കാർ അനുമതി നൽകിക്കൊണ്ട് 14-2-2014-ലെ ജി.ഒ.(പി) നമ്പർ 27/2014/TD ആയി നീര റൂൾസ് - 2014 നിലവിൽ വരികയുണ്ടായി.

(ഡി) നീര ഉൽപ്പാദനത്തിനുള്ള ലൈസൻസ് ലഭിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് നാളിതുവരെ 173 നാളികേര ഉൽപ്പാദക ഫെഡറേഷനുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 168 എണ്ണത്തിന് ലൈസൻസ് നൽകുകയുണ്ടായി. തുടർന്ന് അവയിൽ 162 എണ്ണം 2015-16 വർഷത്തേക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതുമാകുന്നു.

മദ്യ നിരോധനത്തിന്റെ ഗുണ-ദോഷ വശങ്ങളും സർക്കാർ വരുമാനവും

68 (1772) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകൃത മദ്യഷോപ്പുകളുടെയും ബാറുകളുടെയും വില്പന മാത്രം അടിസ്ഥാനമാക്കി മദ്യപാനികളുടെ യഥാർത്ഥ ഉപഭോഗം തിട്ടപ്പെടുത്തുന്നത് എത്രത്തോളം യാഥാർത്ഥ്യമായിരിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാറുകളെ ആശ്രയിച്ചിരുന്ന ഒരു വിഭാഗം ഉപഭോക്താക്കളിപ്പോൾ കള്ളവാറ്റുകാരെയും സെക്കൻറ്സ് മദ്യങ്ങളെയും ആശ്രയിക്കുന്നതായി അറിയാമോ ;

(സി) എങ്കിൽ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ മദ്യ ഉപഭോഗം തിട്ടപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ ;

(ഡി) ബാറുകളുടെ ലൈസൻസ് റദ്ദു ചെയ്തതിനുശേഷം സംസ്ഥാനത്ത് വ്യാജമദ്യ നിർമ്മാണ യൂണിറ്റുകളും വ്യാജ മദ്യവില്പന കേന്ദ്രങ്ങളും കണ്ടെത്തുകയുണ്ടായിട്ടുണ്ടോ; മുൻവർഷത്തേയും ഈ വർഷത്തേയും അബ്കാരി കേസുകളുടെ ലഭ്യമായ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഇ) മുൻവർഷം സ്റ്റേറ്റ് എക്സൈസ് വഴിയുള്ള വരുമാനം എത്ര കോടിയായിരുന്നു ; തന്നാണ്ടിൽ പ്രതീക്ഷിക്കുന്ന വരുമാനം ബഡ്ജറ്റിൽ കണക്കാക്കപ്പെട്ടതെത്ര; മദ്യനിരോധനത്തിന്റെ പശ്ചാത്തലത്തിൽ വരുമാനത്തിലെ പ്രതീക്ഷ കുറഞ്ഞിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) അംഗീകൃത മദ്യഷോപ്പുകളുടെയും ബാറുകളുടെയും വില്പന മാത്രം അടിസ്ഥാനമാക്കി മദ്യപാനികളുടെ യഥാർത്ഥ ഉപഭോഗം പൂർണ്ണമായും തിട്ടപ്പെടുത്തുവാൻ സാധിക്കില്ല.

(ബി) സംസ്ഥാനത്ത് പഞ്ചനക്ഷത്ര ഹോട്ടലുകൾ ഒഴികെയുള്ളവയ്ക്ക് ബാർ ലൈസൻസ് നിർത്തലാക്കിയ പശ്ചാത്തലത്തിൽ അനധികൃത മദ്യ വില്പനയെ ആശ്രയിക്കുന്ന ചുരുക്കം ഉപഭോക്താക്കളുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അനധികൃത മദ്യവില്പനക്കെതിരെ ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ എക്സൈസ് വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്.

(സി) കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവില്പനയുടെ കണക്കുകളാണ് അംഗീകൃത കണക്കായി എക്സൈസ് വകുപ്പിന്റെ പക്കലുള്ളത്. വ്യാജമദ്യ വില്പന ശ്രദ്ധയിൽപ്പെടുമ്പോൾതന്നെ നിർത്തലാക്കുന്നതിനുള്ള കർശന നടപടി എക്സൈസ് വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) ബാറുകളുടെ ലൈസൻസ് റദ്ദു ചെയ്തതിനുശേഷം സംസ്ഥാനത്ത് 12 വ്യാജമദ്യ നിർമ്മാണ യൂണിറ്റുകളും 65 വ്യാജ മദ്യവില്പന കേന്ദ്രങ്ങളും കോട്ടയം ജില്ലയിൽ ഒരു ചാരായ വാറ്റ് കേന്ദ്രവും കണ്ടുപിടിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. 2014 വർഷത്തേയും ഈ വർഷത്തേയും അബ്കാരി കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

വർഷം	അബ്കാരി കേസുകളുടെ എണ്ണം	തൊണ്ടി സാധനങ്ങളുടെ വിവരങ്ങൾ					
		സ്പിരിറ്റ്	ചാരായം	വിദേശ മദ്യം	കള്ള്	അരിഷ്ടം	ബിയർ
2014	13676	34433	3016	35350	10551	10384	4263
2015 മേയ് വരെ	6085	6837	1385	14742	3126	4736	1410

(ഇ) 2014-15 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് എക്സൈസ് വഴിയുള്ള വരുമാനം 1778.07 കോടി രൂപയാണ്. ബഡ്ജറ്റ് പ്രകാരം തന്നാണ്ടിൽ (2015-16) പ്രതീക്ഷിക്കുന്ന വരുമാനം 2600.66 കോടി രൂപയാണ്.

പുതിയ മദ്യനയം

69 (1773) ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ മദ്യനിരോധനം ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കുന്നുണ്ടോ ;

(ബി) പുതിയ സാഹചര്യത്തിൽ മദ്യനയത്തിൽ കാലോചിതമായ മാറ്റം വരുത്തുമെന്ന് സർക്കാർ കേരള ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ മാറ്റം സംബന്ധിച്ച് വിശദമാക്കാമോ ;

(സി) മദ്യനയം രൂപീകരിക്കുന്നതിലും നടപ്പിലാക്കുന്നതിലും ഉടക്കം മുതലേ കെടുകാര്യസ്ഥതകളും പാളിച്ചകളും സംഭവിച്ചതായുള്ള വിമർശനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉറച്ചതും ശാസ്ത്രീയവും സുതാര്യവുമായ ഒരു മദ്യനയവും അതിനനുസൃതമായ നടപടികളും സ്വീകരിക്കാൻ സർക്കാരിനുദ്ദേശ്യമുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly